# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4636

27/06/2014 -ൽ
മറുപടിയ്ക്ക്

### ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്.സലീഖ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഓരോ വർഷവും ഗ്രാമവികസന വകുപ്പിന് കീഴിലുള്ള ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി വഴി എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയെന്നും ഇതിൽ ഓരോ വർഷവും സംസ്ഥാന വിഹിതം എത്രയായിരുന്നുവെന്നും കേന്ദ്ര വിഹിതം എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന് കീഴിലുള്ള ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി വഴി ആകെ 78 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. ഇതിൽ ഓരോ വർഷവുമുള്ള സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഏജൻസി വഴി 2011-12, 2012-13, 2013-14 വർഷങ്ങളിൽ പൂർത്തിയാക്കിയ പ്രവൃത്തികളെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവോ; വിശദമാക്കുമോ; | (ബി) | മലയോര വികസന ഏജൻസി വഴി 2011-12 വർഷം പ്രവർത്തികൾക്ക് തുക അനുവദിച്ചിരുന്നില്ല. 2012-13, 2013-14 വർഷങ്ങളിലെ പ്രവൃത്തികളിൽ ചിലത് പൂർത്തീകരിച്ചതും മറ്റു ചിലത് പുരോഗതിയിലുമാണ്. പ്രവൃത്തികളെ സംബന്ധിച്ച് സർക്കാർ പരിശോധന നടത്തിയിട്ടില്ല. |
| (സി) | പ്രസ്തുത ഏജൻസിയിലെ ഉദ്യോഗസ്ഥരും കരാറുകാരും തമ്മിൽ വ്യാപകമായ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിലുൾപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല-നിയമനടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | (സി) | ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(ഡി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പ്രസ്തുത ഏജൻസി വഴി കരാറുറപ്പിച്ച കരാറുകാർ ആരൊക്കെയാണെന്നും ഓരോ വർഷവും ഇവർ ഓരോരുത്തരും എത്ര കോടി രൂപയുടെ കരാറാണ് എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) നിലവിൽ മലയോര വികസന ഏജൻസിയുടെ പദ്ധതികളൊന്നും കരാറുകാർ നേരിട്ട് ഏറ്റെടുത്തിട്ടില്ല.

(ഇ) പ്രസ്തുത ഏജൻസിയിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നുവെന്നും, അവർ ആരെല്ലാമെന്നും അവരുടെ ഗ്രേഡ് എന്താണെന്നും വ്യക്തമാക്കുമോ;

(ഇ) മലയോര വികസന ഏജൻസിയിൽ ഡെപ്യൂട്ടേഷനിലും കരാർ അടിസ്ഥാനത്തിലും ദിവസ വേതന അടിസ്ഥാനത്തിലും ആയി 9 പേർ ജോലി നോക്കുന്നു. അവരുടെ പേരും ഗ്രേഡും അനുബന്ധം 2 ആയി ചേർക്കുന്നു.

(എഫ്) പ്രസ്തുത ഏജൻസിയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥ/കരാറുകാരെ സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണത്തിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

(എഫ്) ആരോപണം ശ്രദ്ധയിൽപ്പെട്ടാൽ സർക്കാർ സമഗ്രമായ അന്വേഷണത്തിന് നടപടി സ്വീകരിക്കുന്നതാണ്.

Bijumon

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| വർഷം | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | ആകെ |
|---|---|---|---|
| 2012-13 | 28.50 കോടി | 7.50 കോടി | 36.00 കോടി |
| 2013-14 | 42.00 കോടി | — | 42.00 കോടി |

Bijumon

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

| ക്രമ നമ്പർ | പേര് | ഗ്രേഡ് |
|---|---|---|
| 1 | ശ്രീ.എ.സ്റ്റാൻലി, സെക്രട്ടറി | I |
| 2 | ശ്രീ.എൻ.ശ്രീകുമാർ ഫിനാൻസ് മാനേജർ | I |
| 3 | ശ്രീമതി. സബീന.എം, ഡ്രാഫ്റ്റ്സ്മാൻ | II (b) |
| 4 | ശ്രീമതി. ഡി.സരോജം, പ്രോഗ്രാം ഓഫീസർ ഡോക്യൂമെന്റേഷൻ | കരാർ നിയമനം |
| 5 | ശ്രീമതി. സിമിത ശശി .എസ് ഓഫീസ് അസിസ്റ്റന്റ് | കരാർ നിയമനം |
| 6 | ശ്രീ. ജോസഫ്. പി ഓഫീസ് അസിസ്റ്റന്റ് | കരാർ നിയമനം |
| 7 | ശ്രീമതി.ബിന്ദു ബാല.എൽ ഓഫീസ് അറ്റന്റന്റ് | ദിവസ വേതനം |
| 8 | ശ്രീമതി.ആതിര കൃഷ്ണാ യു.എസ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ | ദിവസ വേതനം |
| 9 | ശ്രീമതി.റ്റി. പി.ശോഭന, കാഷ്വൽ സ്വീപ്പർ | -- |

Bijumon

സെക്ഷൻ ഓഫീസർ